2026
MARCH
03
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വ്യവസായമേഖലയിൽ പുതിയ നിക്ഷേപങ്ങളും ആശയങ്ങളും അനിവാര്യം

**ന്യൂഡൽഹി:** ഏതാരു നയത്തിനും ഒരു ചട്ടക്കൂട് സൃഷ്ടിക്കാൻ കഴിയുമെങ്കിലും അതിന്റെ ആത്യന്തിക വിജയം എല്ലാ ഓഹരിപങ്കാളികളുടെയും സജീവമായ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതത്തിനായുള്ള സാങ്കേതിക പരിഷ്കാരങ്ങളും ധനകാര്യവും എന്ന പ്രമേയത്തിൽ നടന്ന ബജറ്റാനന്തര വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ നിക്ഷേപങ്ങളും നൂതനാശയങ്ങളുമായി വ്യവസായ മേഖല മുന്നോട്ടു വരണം. പ്രായോഗിക പരിഹാരങ്ങൾ തയ്യാറാക്കുന്നതിനും വിപണിയിലെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതിനും സഹായിക്കാൻ ധനകാര്യ സ്ഥാപനങ്ങളോടും വിശകലന വിദഗ്ധരും തയ്യാറാകണം. സർക്കാരും വ്യവസായവും വിജ്ഞാന പങ്കാളികളും ഒരേപോലെ മുന്നോട്ട് പോകുമ്പോൾ പരിഷ്കാരങ്ങൾ വിജയകരമായി ഫലങ്ങളായി മാറുന്നു.

ഇത്തരമൊരു കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ബജറ്റ് പ്രഖ്യാപനങ്ങൾ താഴെത്തട്ടിൽ വ്യക്തമായ ഫലങ്ങളായി മാറുവെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഗവൺമെന്റും വ്യവസായവും ധനകാര്യ സ്ഥാപനങ്ങളും അക്കാദമിക് മേഖലയും തമ്മിൽ യോജിച്ച് 'പരിഷ്കരണ പങ്കാളിത്ത ചാർട്ടർ' വികസിപ്പിക്കാനും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ബജറ്റ് ഉള്ളടക്കങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനല്ല, മറിച്ച് അതിന്റെ വേഗത്തിലുള്ളതും ലളിതവുമായ നടപ്പാക്കൽ താഴെത്തട്ടിൽ ഉറപ്പാക്കാനാണ് ബജറ്റാനന്തര വെബിനാറുകൾ ലക്ഷ്യമിടുന്നത്. ധനകാര്യ സ്ഥാപനങ്ങൾ, വിപണികൾ, വ്യവസായം, പ്രൊഫഷണലുകൾ, നൂതനാശയകർത്താക്കൾ എന്നിവരുൾപ്പെടെയുള്ള എല്ലാ ഓഹരിപങ്കാളികളും ഈ ബജറ്റ് നൽകുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തണം.




നയപരമായ ഉദ്ദേശ്യം നിർണ്ണായകമാണെങ്കിലും ഇന്ത്യയുടെ വികസനത്തിന്റെ നിലവിലെ ഘട്ടത്തിന് സേവന കാര്യക്ഷമതയിലെ വിട്ടുവീഴ്ചയില്ലാത്ത ശ്രദ്ധ ആവശ്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പരിഷ്കാരങ്ങളുടെ മൂല്യനിർണ്ണയം അവയുടെ പ്രഖ്യാപനത്തിലല്ല, മറിച്ച് താഴെത്തട്ടിലുള്ള അവയുടെ സ്വാധീനത്തിലായിരിക്കണം വേണ്ടത്. പൊതുസേവന വിതരണത്തിൽ ഉത്തരവാദിത്തവും വേഗതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് ഐ.ഐ ബ്ലോക്ക് ചെയിൻ, ഡാറ്റ അനലിറ്റിക്സ് എന്നിവ സംയോജിപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. കൂടാതെ, പരാതി പരിഹാര സംവിധാനങ്ങളിലൂടെ സ്വാധീനം നിരീക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. സുസ്ഥിരമായ വിദേശ മൂലധനം ആകർഷിക്കുന്നതിനും ദീർഘകാല ധനസഹായം മെച്ചപ്പെടുത്തുന്നതിനുമായി വിദേശ നിക്ഷേപ ചട്ടക്കൂടിൽ കൂടുതൽ ലളിതവൽക്കരണങ്ങൾ പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

കൂടുതൽ സജീവമായ ബോണ്ട് വിപണികൾ വികസിപ്പിക്കുക, ബോണ്ട് വ്യാപാര പ്രക്രിയകൾ ലളിതമാക്കുക, കർശനമായ വരവ് ചെലവ് വിശകലനത്തിലൂടെയും ലൈഫ് സൈക്കിൾ കോസ്റ്റിംഗിലൂടെയും പ്രോജക്ട് അനുമതി രീതികൾ ശക്തിപ്പെടുത്തുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ കൂടുതൽ പങ്കാളിത്തം, ധനസഹായ മാതൃകകളിൽ കൂടുതൽ നൂതനത്വം, വളർന്നുവരുന്ന മേഖലകളിൽ ശക്തമായ സഹകരണം എന്നിവയുടെ ആവശ്യകത ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി, വ്യവസായ മേഖലയോടും ധനകാര്യ സ്ഥാപനങ്ങളോടും പുതിയ ഊർജ്ജത്തോടെ മുന്നോട്ട് വരാൻ ആവശ്യപ്പെട്ടു. ദുർവ്യയവും കാലതാമസവും ഇല്ലാതാക്കുന്നതിന് വരവ്, ചെലവ് വിശകലനത്തിനും ലൈഫ് സൈക്കിൾ കോസ്റ്റിംഗിനും മുഖ്യപ്രാധാന്യം നൽകിക്കൊണ്ട് പ്രോജക്ട് അനുമതി രീതികളും മൂല്യനിർണ്ണയ ഗുണനിലവാരവും ശക്തിപ്പെടുത്തണമെന്നും പ്രധാന മന്ത്രി നിർദ്ദേശിച്ചു. ഒരു ബജറ്റിനെയും ഒറ്റപ്പെട്ട സംഭവമായി കാണരുതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. രാഷ്ട്രനിർമ്മാണമെന്നത് നിരന്തര പ്രക്രിയയാണ്. 'ഓരോ ബജറ്റും ഒരു വലിയ ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിനുള്ള ഘട്ടമാണ്, ആ വലിയ ലക്ഷ്യം 2047 ഓടെ ഒരു വികസിത ഭാരതത്തിന്റെ നിർമ്മാണമാണ്. ഓരോ പരിഷ്കരണവും ഓരോ വിഹിതവും ഓരോ മാറ്റവും ഈ ദീർഘയാത്രയുടെ അവിഭാജ്യ ഘടകമായി കാണണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## ഹയർ സെക്കന്ററി ചോദ്യപേപ്പർ സുരക്ഷയ്ക്ക് 'കൈറ്റ് ക്യൂട്രാക്ക്';

# സമഗ്ര ഡിജിറ്റൽ പരീക്ഷാ സംവിധാനത്തിലേക്ക് കൈറ്റ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പിൽ സുരക്ഷയും സുതാര്യതയും കൃത്യതയും വർദ്ധിപ്പിക്കുന്നതിനായി ക്യൂആർ കോഡ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'കൈറ്റ് ക്യൂട്രാക്ക്' മൊബൈൽ ആപ്പ് കേരള ഇൻഫ്രാസ്ട്രർച്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്) പുറത്തിറക്കി. മാർച്ച് 5 മുതൽ ആരംഭിക്കുന്ന ഹയർ സെക്കന്ററി പരീക്ഷയുടെ പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപ്പേപ്പർ പാക്കറ്റ് തുറക്കുന്നത് മുതൽ പരീക്ഷ പൂർത്തിയാക്കി ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പിലേക്ക് അയക്കുന്നത് വരെയുള്ള മുഴുവൻ കാര്യങ്ങളും തത്സമയം ട്രാക്ക് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായാണ് ഈ സംവിധാനം.

എല്ലാ ചീഫ്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും മാർച്ച് 4ന് മുമ്പായി ആൻഡ്രോയിഡ് പ്ലേ സ്റ്റോറിൽ നിന്നും KITE -QTrack എന്ന ആപ്പ് ഇൻസ്റ്റാൾ ചെയ്ത് ലോഗിൻ ചെയ്യണം. പരീക്ഷാ ദിവസങ്ങളിൽ ചോദ്യപേപ്പർ പാക്കറ്റുകൾ അലമാരയിൽ നിന്ന് പുറത്തെടുക്കുന്നത് മുതൽ ഓരോ ഘട്ടത്തിലും ആപ്പിലെ നിശ്ചിത ബട്ടണുകൾ ഉപയോഗിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ചോദ്യപേപ്പർ പാക്കറ്റുകൾ സ്കാൻ ചെയ്യുമ്പോൾ കൃത്യമായ വിഷയമല്ലെങ്കിൽ ആപ്പിൽ എറർ മെസേജ് ദൃശ്യമാകുകയും വിവരം ഉടൻ തന്നെ പരീക്ഷാ വിഭാഗത്തിൽ ഒരു ഇൻസിഡന്റ് ആയി റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യും.

പരീക്ഷ ആരംഭിച്ച വിവരവും അവസാനിച്ച വിവരവും നിശ്ചിത സമയത്തിനുള്ളിൽ ആപ്പിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും സംസ്ഥാന തലത്തിലും മോണിറ്റർ ചെയ്യുന്നതിനുള്ള ലോഗിനുകൾ ആപ്പിൽ ക്രമീകരിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി പരീക്ഷാ സംവിധാനവുമായി ബന്ധപ്പെട്ട് അഡ്മിഷൻ മുതൽ പരീക്ഷാഫലം പ്രസിദ്ധീകരണം വരെ മുഴുവൻ പരീക്ഷാ പ്രക്രിയയും പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്യൽ ലക്ഷ്യമിട്ടുകൊണ്ട് പുതുക്കിയ പോർട്ടൽ തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് ഈ സംവിധാനമെന്ന് കൈറ്റ് സിഇഒ കെ അൻവർ സാദത്ത് പറഞ്ഞു. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണം, റീവാലുവേഷൻ, സ്ക്രൂട്ടിനി അപേക്ഷകൾ, മറ്റ് പരീക്ഷാനന്തര സേവനങ്ങൾ എന്നിവയും ഏകോപിതമായ ഡിജിറ്റൽ സംവിധാനത്തിലൂടെ നടപ്പിലാക്കും.

സുരക്ഷിതമായ ഓൺലൈൻ പേയ്മെന്റ് സൗകര്യവും ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് എല്ലാ അപേക്ഷകളും പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി സമർപ്പിക്കാൻ ഇനി ഇതുവഴി സാധ്യമാകും. ഉത്തരക്കടലാസുകൾ ക്യാമ്പുകളിലേക്ക് അയക്കുമ്പോൾ അവയുടെ ട്രാക്ക് ഐഡി, തൂക്കം, അയച്ച സമയം തുടങ്ങിയ വിവരങ്ങളും ആപ്പിൽ നൽകണം. പരീക്ഷാ വേളയിൽ ഉണ്ടാകാനിടയുള്ള ക്രമക്കേടുകൾ, സാങ്കേതിക തടസ്സങ്ങൾ തുടങ്ങിയവ അപ്പപ്പോൾ തന്നെ റിപ്പോർട്ട് ചെയ്യാനുള്ള സൗകര്യവും ഇതിലുണ്ട്. ആപ്പിനെക്കുറിച്ചുള്ള വീഡിയോ ട്യൂട്ടോറിയൽ കൈറ്റ് വിക്ടേഴ്സ് യൂട്യൂബ് ചാനലിൽ ലഭ്യമാണ്. ജില്ലാ തലങ്ങളിൽ കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവർക്ക് ഓൺലൈൻ പരിശീലനം നൽകും.

## കൈറ്റ് ഹരിതവിദ്യാലയം 4.0: വളയഞ്ചിറങ്ങര ജി.എൽ.പി.എസിന് സ്പെഷ്യൽ ജൂറി അവാർഡ്

**കൊച്ചി:** കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിച്ച സംസ്ഥാനത്തെ ഏക വിദ്യാഭ്യാസ റിയാലിറ്റി ഷോയായ 'ഹരിതവിദ്യാലയം 4.0' ഗ്രാൻഡ് ഫിനാലെയിൽ എറണാകുളം ജില്ലക്ക് അഭിമാന നേട്ടം. പ്രൈമറി വിഭാഗത്തിൽ എറണാകുളം ജില്ലയിലെ വളയഞ്ചിറങ്ങര ഗവൺമെന്റ് എൽ.പി. സ്കൂൾ സ്പെഷ്യൽ ജൂറി അവാർഡിന് അർഹരായി. പാലക്കാട് ജില്ലയിൽ നിന്നുള്ള ഗവൺമെന്റ് ഹൈസ്കൂൾ പോത്തുണ്ടിക്കാണ് ഒന്നാം സ്ഥാനം.

മികച്ച ഭൗതിക സാഹചര്യങ്ങൾക്കൊപ്പം കുട്ടികളുടെ സർഗ്ഗാത്മകത, പൊതുവിജ്ഞാനം, ആശയവിനിമയ ശേഷി എന്നിവ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് വളയഞ്ചിറങ്ങര സ്കൂളിനെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. സ്പെഷ്യൽ ജൂറി അവാർഡ് നേടിയ വളയഞ്ചിറങ്ങര സ്കൂളിന് 1.68 ലക്ഷം രൂപ വിലമതിക്കുന്ന ഐ.സി.ടി ഉപകരണങ്ങൾ സമ്മാനമായി ലഭിച്ചു. സെക്കൻഡറി തലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 8.4 ലക്ഷം, 6.3 ലക്ഷം, 4.2 ലക്ഷം രൂപയുടെ ഐ.സി.ടി ഉപകരണങ്ങളും അവാർഡായി ലഭിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അവാർഡുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ 825 സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുത്ത 86 സ്കൂളുകളാണ് മത്സരത്തിന്റെ ആദ്യ റൗണ്ടിൽ എത്തിയത്. ഇതിൽ നിന്ന് രണ്ടാം റൗണ്ടിലെത്തിയ 26 സ്കൂളുകളിൽ നിന്നാണ് അവസാന വിജയികളെ നിശ്ചയിച്ചത്. രണ്ട് ലക്ഷത്തോളം കുട്ടികൾ വിവിധ ഘട്ടങ്ങളിലായി ഷോയുടെ ഭാഗമായി.

# ഇന്നത്തെ പരിപാടി

## കൊച്ചി ബിനാലെ

■ **ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവ് :** കൊച്ചി ബിനാലെയുടെ ഭാഗമായി സെബാസ്റ്റ്യൻ, ഹാർട്ട്മുട്ട് എന്നിവർ നയിക്കുന്ന ശിൽപ്പശാല – ഇലക്ട്രോണിക് മ്യൂസിക് ട്രാക്ക് എങ്ങനെ നിർമ്മിക്കാം –രാവിലെ 10.30 മുതൽ
■ **ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷൻ**: കൊച്ചി ബിനാലെയുടെ ഭാഗമായി പൂജ ദാസ്, ഖുശ്ബു തേജവാനി എന്നിവർ നയിക്കുന്ന ശിൽപ്പശാല സ്റ്റിച്ചിംഗ് ദ ഹാപ്പിനസ് സിറ്റി: എംബ്രോയ്ഡറി, ക്വിൽറ്റിംഗ്, ഫാബ്രിക് കൊളാഷ് രാവിലെ 10.30 മുതൽ
■ **ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവ്, ബിനാലെ പവലിയൻ:** ചലച്ചിത്ര പ്രദർശനം – ശേഷിപ്പ് വൈകിട്ട് 07 മുതൽ

## എറണാകുളം

■ **പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസ്:** മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് രാവിലെ 10.30 ന് പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തുമെന്ന് കമ്മീഷൻ അറിയിച്ചു.
■ **എറണാകുളം സർക്കാർ മെഡിക്കൽ കോളജ്:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം വൈകിട്ട് 05 ന് ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിക്കും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഹൈബി ഈഡൻ എം.പി, എം.എൽ.എ മാരായ അനൂപ് ജേക്കബ്, ആന്റണി ജോൺ, അൻവർ സാദത്ത്, കെ ബാബു, എൽദോസ് കുന്നപ്പള്ളി, മാത്യു കുഴൽനാടൻ, കെ.ജെ മാക്സി, റോജി എം ജോൺ, പി.വി ശ്രീനിജിൻ, ഉമ തോമസ്, കെ.എൻ ഉണ്ണികൃഷ്ണൻ, ടി.ജെ വിനോദ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ, കളമശ്ശേരി മുൻ സിപ്പൽ ചെയർമാൻ ജമാൽ മണക്കാടൻ, വാർഡ് കൗൺസിലർ കെ. ബി. ബാബുരാജ് തുടങ്ങിയവർ പങ്കെടുക്കും.

ഷൂട്ട് @ സൈറ്റ്



**ദർശന പുണ്യം....** ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ മകം തൊഴുന്ന ഭക്തജനങ്ങൾ.

എ. എസ് സതീഷ്

# മരണത്തെ തോൽപ്പിച്ച അതിജീവനം; ട്രെയിനിൽ ആക്രമണത്തിനിരയായ ശ്രീക്കുട്ടി ജീവിതത്തിലേയ്ക്ക്



**കൊച്ചി:** കേരളത്തെ നടുക്കിയ വർക്കല ട്രെയിൻ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന തിരുവനന്തപുരം പാലോട് സ്വദേശിനി ശ്രീക്കുട്ടി ജീവിതത്തിലേക്ക് മടങ്ങുന്നു. മാസങ്ങളോളം നീ തീവ്ര പരിചരണത്തിനും ചികിത്സയ്ക്കും ശേഷം കൊച്ചി അമൃത ആശുപത്രിയിൽ നിന്ന് ഇന്നലെ ശ്രീക്കുട്ടി ഡിസ്ചാർജ് ആയി. മരണത്തിന്റെ വക്കിൽ നിന്ന് അസാമാന്യമായ മനക്കരുത്തിലൂടെയാണ് ഈ പെൺകുട്ടി ജീവിതത്തിലേക്ക് ചുവടുവെക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സയ്ക്ക് ശേഷം ഡിസംബർ 25നാണ് ശ്രീക്കുട്ടിയെ അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തലച്ചോറിന് ഏറ്റ ഗുരുതര ക്ഷതം കാരണം ബോധമില്ലാതെയും, ശ്വസിക്കാനും ബുദ്ധിമുട്ടിയിരുന്ന അവസ്ഥയിലായിരുന്നു അന്ന്. കൂടാതെ ഇടതു തോളിനും പരിക്കേറ്റിരുന്നു. അമൃത ആശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം മേധാവി ഡോ. രവി ശങ്കരൻ, ഡോ. ആനന്ദ് രാജ എന്നിവരുടെ നേതൃത്വത്തിലായിരുന്നു തുടർചികിത്സ. ശ്വസനത്തിനായി ട്രക്കിയോസ്റ്റമിയും ഭക്ഷണത്തിനായി ട്യൂബും ഘടിപ്പിച്ചു.

ന്യൂറോ റീഹാബിലിറ്റേഷൻ പദ്ധതിയുടെ ഭാഗമായി, ഓക്സിജൻ തെറാപ്പി, ശ്വസന വ്യായാമങ്ങൾ, ഭക്ഷണം സ്വയം വിഴുങ്ങാനുള്ള പരിശീലനം, ഓർമ്മശക്തിയും ചിന്താശേഷിയും ഉണർത്താനുള്ള ചികിത്സകൾ, ചലനശേഷി പടിപടിയായി വീണ്ടെടുക്കാനുള്ള പരിശീലനം എന്നിവയുൾപ്പെടെയുള്ള ചിട്ടയായ ചികിത്സാ രീതികളാണ് ശ്രീക്കുട്ടിക്ക് നൽകിയത്. ഇ.എൻ.ടി, ഒഫ്താൽമോളജി, ഓർത്തോപീഡിക്സ്, ന്യൂറോളജി, എൻഡോ ക്രൈനോളജി, ഗ്യാസ്ട്രോ എന്ററോളജി വിഭാഗങ്ങളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണ് ശ്രീക്കുട്ടിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. ഇപ്പോൾ തനിയെ ഭക്ഷണം കഴിക്കാനും, നടക്കാനും, സംസാരിക്കാനുമുള്ള ശേഷി വീണ്ടെടുത്തതും ശ്രീക്കുട്ടിയും കുടുംബവും വലിയ അത്ഭുതമായാണ് കാണുന്നത്. ശ്രീക്കുട്ടിയുടെ ചികിത്സാ കാലയളവിലുടനീളം തണലായി കൂടെയുണ്ടായിരുന്നത് അമ്മ പ്രിയയാണ്. മകളുടെ തിരിച്ചുവരവിനായി പ്രാർത്ഥനയോടെ കാത്തിരുന്ന പാലോട്ടെ വീട് ഇപ്പോൾ അതീവ സന്തോഷത്തിലാണ്. മാതാ അമൃതാനന്ദമയി മഠമാണ് ചികിത്സാ ചിലവുകൾ പൂർണ്ണമായും ഏറ്റെടുത്തത്. ലക്ഷക്കണക്കിന് രൂപ ചിലവ് വരുന്ന വിദഗ്ധ ചികിത്സ സൗജന്യമായി ആണ് മഠം ലഭ്യമാക്കിയത്. 2025 നവംബർ ആദ്യവാരം കേരള എക്സ്പ്രസിൽ യാത്ര ചെയ്യവേ ലഹരിക്കടിമയായ സഹയാത്രികൻ ട്രെയിനിൽ നിന്ന് തള്ളിയിട്ടതോടെയാണ് ശ്രീക്കുട്ടിയുടെ ജീവിതം തകിടം മറിഞ്ഞത്.

# ഡൽഹി സർവ്വകലാശാലയിൽ 1.2 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് ബിരുദം സമ്മാനിച്ചു

**ന്യൂഡൽഹി:** ഡൽഹി സർവകലാശാലയുടെ 102 –ാമത് ബിരുദദാന സമ്മേളനത്തിൽ 1.2 ലക്ഷത്തിലധികം വിദ്യാർഥികൾക്ക്, ഉപരാഷ്ട്രപതിയും ഡൽഹി സർവകലാശാലയുടെ ചാൻസലറുമായ സി.പി. രാധാകൃഷ്ണൻ ബിരുദം സമ്മാനിച്ചു. ബിരുദം നേടുന്ന വിദ്യാർത്ഥികളുടെ ആകെ എണ്ണം പല രാജ്യങ്ങളിലെയും ജനസംഖ്യയേക്കാൾ കൂടുതലാണെന്നും ഇത് സർവകലാശാലയുടെ വിശാലമായ അക്കാദമിക മികവിനെ പ്രതിഫലിപ്പിക്കുന്നുവെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഇന്ത്യയിലെ ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി സർവകലാശാലയെ വിശേഷിപ്പിച്ച ഉപരാഷ്ട്രപതി, ഒരു നൂറ്റാണ്ടിലേറെയായി ഇന്ത്യയുടെ ബൗദ്ധിക, രാഷ്ട്രീയ, ശാസ്ത്രീയ, സാംസ്കാരിക ജീവിതത്തിന് നേതൃത്വം നൽകിയവരെ ഈ സർവകലാശാല വാർത്തെടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഇന്ത്യയെ മാത്രമല്ല, ലോകത്തെയും രൂപപ്പെടുത്തിയ പൂർവ്വ വിദ്യാർത്ഥികളുടെ ശ്രദ്ധേയമായ ശ്രേണിയിൽ ഇപ്പോൾ അവർ ഭാഗമാകുന്നതായി അദ്ദേഹം ബിരുദ വിദ്യാർത്ഥികളോട് പറഞ്ഞു. തുടർച്ചയായി നാല് വർഷമായി ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ഇന്ത്യൻ സർവകലാശാലകളിൽ ഒന്നാം സ്ഥാനം ഈ സർവകലാശാല നിലനിർത്തിയിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബിരുദദാന സമ്മേളനം കേവലം ആചാരപരമായ പരിപാടിയല്ല. അത് ഒന്നിന്റെ ഒടുക്കവും മറ്റൊന്നിന്റെ തുടക്കവും അടയാളപ്പെടുത്തുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. ബിരുദദാന ചടങ്ങിൽ ഡൽഹി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. യോഗേഷ് സിംഗ്, ഫാക്കൽറ്റി അംഗങ്ങൾ തുടങ്ങിയവരും പങ്കെടുത്തു.

# ടെലസ്കോപ്പ് ഉപയോഗിച്ച് വാന നിരീക്ഷണം നടത്തി

**കൊച്ചി:** ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് എറണാകുളം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും, ബ്രേക്ക് സയൻസ് സൊസൈറ്റി എറണാകുളം ചാപ്റ്ററും ചേർന്ന് ദർബാർ ഹാൾ ഗ്രൗണ്ടിൽ ടെലസ്കോപ്പ് ഉപയോഗിച്ച് വാന നിരീക്ഷണം നടത്തി.

സാധാരണക്കാരിലും കുട്ടികളിലും ശാസ്ത്ര ബോധം വളർത്തിയെടുക്കുവാൻ ദേശീയ ശാസ്ത്ര ദിനാചരണത്തിന് കഴിയണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് സൊസൈറ്റി ജില്ലാപ്രസിഡന്റ് കെ.എസ് ഹരികുമാർ പറഞ്ഞു. യോഗത്തിൽ സൊസൈറ്റി ജില്ലാ ട്രഷറർ പി.സി. തങ്കച്ചൻ അധ്യക്ഷത വഹിച്ചു.

വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി പേർ ആധുനിക ടെലിസ്കോപ്പിലൂടെ ചന്ദ്രനിലെ ഗർത്തങ്ങളും വ്യാഴവും അതിന്റെ നാല് ഉപഗ്രഹങ്ങളും നിരീക്ഷിച്ചു.

# അപകടകരമായ രീതിയിൽ വാഹനം ഓടിച്ചു; സ്വകാര്യ ബസുകൾക്കെതിരെ നടപടി

**കൊച്ചി:** അപകടകരമായ രീതിയിൽ സർവീസ് നടത്തിയ സ്വകാര്യ ബസുകൾക്കെതിരെ നടപടിയെടുത്ത് മോട്ടോർ വാഹന വകുപ്പ്. ആർ.ടി.ഒ എൻഫോഴ്സ്മെന്റിന്റെ പ്രത്യേക സ്ക്വാഡാണ് പരിശോധന നടത്തിയത്.

മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുക, സമയക്രമം പാലിക്കാതെ സർവീസ് നടത്തുക, ബസ് സ്റ്റോപ്പുകളിൽ നിർത്താതിരിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയിലാണ് നടപടി.

സർവീസ് നടത്താതിരുന്ന രണ്ട് വാഹനങ്ങൾക്കെതിരെ നിയമ നടപടികളെടുത്തതായും അയോഗ്യമെന്ന് കണ്ടെത്തിയ ഒരു ബസിന്റെ ഫിറ്റ്നസ് റദ്ദാക്കിയതായും 66 സ്വകാര്യ ബസുകൾക്ക് ചലാൻ നൽകിയതായും മോട്ടോർവാഹന വകുപ്പ് എൻഫോഴ്സ്മെന്റ് അറിയിച്ചു.

# വനിതാ ദിനം: കേരള പോസ്റ്റൽ സർക്കിൾ റീൽ മത്സരം ‘ഓമന മകൾ’

**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാദിനത്തോനുബന്ധിച്ച് കേരള പോസ്റ്റൽ സർക്കിൾ റീൽ മത്സരം ’ ഓമന മകൾ’ സംഘടിപ്പിക്കുന്നു. പെൺകുട്ടികളുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന സുകന്യ സമൃദ്ധി യോജന പദ്ധതിയെക്കുറിച്ച് അവബോധം വളർത്തുകയാണ് ഈ മത്സരത്തിന്റെ ലക്ഷ്യം. മാർച്ച് 1 മുതൽ 7 വരെ ഇൻസ്റ്റാഗ്രാമിലും ഫേസ്ബുക്കിലുമായി #OmanaMakal എന്ന ഹാഷ്ടാഗോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്. പെൺകുട്ടികളുടെ സാമ്പത്തിക ഭാവി സുരക്ഷിതമാക്കാൻ സഹായിക്കുന്ന സുകന്യ സമൃദ്ധി യോജനയുടെ ഗുണങ്ങൾ വ്യക്തമാക്കുന്ന മലയാളം റീലുകൾ തയ്യാറാക്കി പങ്കുവെക്കാൻ കേരളത്തിലുടനീളമുള്ള കുടുംബങ്ങളെ ഇതിലൂടെ ക്ഷണിക്കുന്നതായി അധികൃതർ വ്യക്തമാക്കി. 10 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളുള്ള കുടുംബങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരമുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന വിജയികൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ, കാഷ് പ്രൈസുകൾ, ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അംഗീകാരം എന്നിവ ലഭിക്കും. ഈ കാമ്പയിനിലൂടെ പെൺമക്കളെ ആദരിക്കുവാനും ഒപ്പം സംസ്ഥാനത്തുടനീളം സാമ്പത്തിക സുരക്ഷയും വനിതാ ശാക്തീകരണവും ശക്തിപ്പെടുത്താനുമാണ് കേരള തപാൽ സർക്കിൾ ലക്ഷ്യമിടുന്നത്.കൂടുതൽ വിവരങ്ങൾക്ക് കേരള തപാൽ സർക്കിളിന്റെ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് പേജുകൾ സന്ദർശിക്കുക.

# ഭിന്നശേഷി സൗഹൃദമാക്കി കൊച്ചി ബിനാലെ പ്രധാന വേദികൾ

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയിലെ ആറ് വേദികൾ പ്രത്യേക യാത്രാസൗകര്യങ്ങൾ സജ്ജമാക്കി ഭിന്നശേഷി സൗഹൃദമാക്കി. ബിനാലെയുടെ ജൂനിയർ പ്രൊഡക്ഷൻ അസിസ്റ്റന്റുമാരായ നീരജ് ബി, ആയിഷ മന്ന എന്നിവരുടെ അക്കാദമിക് ഗവേഷണത്തിന്റെ ഭാഗമായാണ് ഈ സൗകര്യങ്ങൾ ഏകോപിപ്പിച്ചത്. ആസ്പിൻവാൾ ഹൗസ്, പെപ്പർ ഹൗസ്, ക്യൂബ് ആർട്ട് സ്പേസ്, അർമാൻ കഫേ, ഐലൻഡ് വെയർഹൗസ് എന്നിവിടങ്ങളിലാണ് മാറ്റങ്ങൾ വരുത്തിയത്.

പ്രധാന വേദികളിലെ ഏകദേശം 75 ശതമാനം ഭാഗങ്ങളും വീൽചെയർ ഉപയോഗിക്കുന്നവർക്ക് എളുപ്പത്തിൽ സന്ദർശിക്കാവുന്ന രീതിയിലായി. ബിനാലെയെ സംബന്ധിച്ചിടത്തോളം ഭിന്നശേഷി സൗഹൃദമെന്നത് നയപരമായ മാറ്റമാണെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് പറഞ്ഞു. ജനങ്ങളുടെ ബിനാലെ എന്ന നിലയിൽ എല്ലാവരെയും ഉൾക്കൊള്ളുക എന്നത് ക്യൂറേറ്റോറിയൽ സമീപനത്തിന്റെ ഭാഗമാണ്. രണ്ട് വിദ്യാർത്ഥികളുടെ പഠനത്തെ ഇത്തരമൊരു കാൽവെയ്പിലേക്ക് പരിണമിപ്പിക്കാൻ സാധിച്ചത് സന്ദർശകർക്ക് വലിയ നേട്ടമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മറ്റുള്ളവർക്കൊപ്പം വീൽചെയർ ഉപയോഗിക്കുന്ന ഒരാൾക്കും പ്രദർശനം കാണാൻ കഴിയണമെന്നുമാണ് തങ്ങൾ ആഗ്രഹിച്ചതെന്ന് നീരജ് ബി.യും ആയിഷ മന്നയും പറഞ്ഞു. ഈ ക്രമീകരണങ്ങളിലൂടെയാണ് ആദ്യമായി ബിനാലെ പൂർണ്ണമായി അനുഭവിക്കാൻ തനിക്ക് സാധിച്ചതെന്ന് ഭിന്നശേഷിക്കാരിയായ മണൽ ചിത്രകാരി അനൈഡ സ്റ്റാൻലി, വ്യക്തമാക്കി. തന്റെ മൂന്നാമത്തെ ബിനാലെ സന്ദർശനമാണിതെന്നും ഇത്തവണ ആസ്പിൻവാൾ ഹൗസിലും പെപ്പർ ഹൗസിലും എല്ലാ ഇടങ്ങളിലും തടസ്സമില്ലാതെ എത്താൻ സാധിച്ചത് അതിശയിപ്പിച്ചുവെന്ന് ഫ്രഞ്ച് സഞ്ചാരിയായ ജോസിലിൻ ലാൻഡോയി പറഞ്ഞു. കൊച്ചി സ്വദേശിയും സിനിമകല പ്രേമിയുമായ പരേഷ് പാലിചയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ ബിനാലെ വലിയൊരു മാറ്റമായിരുന്നു. സെറിബ്രൽ പാൾസി ബാധിതനായ അദ്ദേഹം എല്ലാ ബിനാലെകളും സന്ദർശിക്കാറുണ്ടെങ്കിലും ഇതാദ്യമായാണ് ഇത്ര സ്വതന്ത്രമായി സഞ്ചരിക്കാൻ സാധിക്കുന്നതെന്ന് പറഞ്ഞു. ആസ്പിൻവാൾ ഹൗസിലെ ബാൽക്കണിയിൽ ആദ്യമായി എത്തിയതും അവിടെ നിന്ന് കടൽ കണ്ടതും മറക്കാനാവാത്ത അനുഭവമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തരം ക്രമീകരണങ്ങൾ മറ്റ് പൊതുവിടങ്ങളിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും പരേഷ് പാലിച പറഞ്ഞു.

# ഇടപ്പള്ളി ജംഗ്ഷനിൽ റോഡ് മുറിച്ചു കടക്കാനുള്ള സംവിധാനം പുനഃസ്ഥാപിക്കണം

**കൊച്ചി :** ഇടപ്പള്ളി ഒബ്റോൺ മാളിന് മുൻവശം അടിപ്പാത നിർമ്മിക്കുന്നതിനായി ദേശീയപാതയിൽ മരോട്ടിച്ചോട്ടിലും ഇടപ്പള്ളിയിലുമുള്ള സീബ്രാ ലൈനും സിഗ്നലും ഇല്ലാതാക്കിയ നടപടി പുനഃപരിശോധിച്ച് കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കാനുള്ള സംവിധാനം നിർബന്ധമായും പുനഃസ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗം, കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്ഥലം പരിശോധിച്ച് പരാതി വിലയിരുത്തി ഫലപ്രദമായ ബദൽ സംവിധാനങ്ങൾക്ക് രൂപം നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

സ്ഥലപരിശോധനയെകുറിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യാ പ്രോജക്റ്റ് ഡയറക്ടർക്കും കോർപ്പറേഷൻ വാർഡ് കൗൺസിലർക്കും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസിനും (ട്രാഫിക്) നോട്ടീസ് നൽകണം. കാൽനടയാത്രക്കാർ ഇവിടെ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസിലാക്കിയ ശേഷം മൂന്നാഴ്ചക്കകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം. പ്രസ്തുത റിപ്പോർട്ട് റോഡ് സേഫ്റ്റി കമ്മീഷണർക്കും ജില്ലാ പോലീസ് മേധാവിക്കും കൈമാറണം. റോഡ് സേഫ്റ്റി കമ്മീഷണർ പരാതി പരിശോധിച്ച് പരിഹാരമാർഗങ്ങൾ സഹിതം രണ്ട് ആഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം. അസിസ്റ്റന്റ് കമ്മീഷണറുടെ (ട്രാഫിക്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവി (എറണാകുളം സിറ്റി) കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം. എൻ.എച്ച്.എ.ഐ. പ്രോജക്റ്റ് ഡയറക്ടറും റിപ്പോർട്ട് സമർപ്പിക്കണം. റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് (ട്രാഫിക്) എന്നിവരും റോഡ് സേഫ്റ്റി കമ്മീഷണർ, എൻ.എച്ച്.എ.ഐ. പ്രോജക്റ്റ് ഡയറക്ടർ എന്നിവരുടെ പ്രതിനിധികളും ഏപ്രിലിൽ എറണാകുളത്ത് നടക്കുന്ന സിറ്റിംഗിൽ ഹാജരാകണം. ഇവിടെയുള്ള ഫുട് ഓവർബ്രിഡ്ജ് ഉടൻ പൊളിച്ചു മാറ്റുമെന്നും പറയുന്നു.

# ത്രിദിന ദേശീയ സെമിനാർ സമാപിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ച ദേശീയ സെമിനാർ സമാപിച്ചു. സെമിനാറിൽ 23 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൂടാതെ ഡോ. രാമകൃഷ്ണ ഭട്ടിന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് എത്തിയ നാല് സ്കോളേഴ്സ് ക്രോഡപത്ര പാരമ്പര്യത്തിൽ അധിഷ്ഠിതമായ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ചു.

സമാപന സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു മുഖ്യപ്രഭാഷണം നടത്തി. ഡോ. രേണുക കെ.സി. പ്രൊഫ. കെ. ജി. കുമാരി, ഡോ. കെ ഇ ഗോപാലദേശികൻ എന്നിവർ പ്രസംഗിച്ചു.

# എറണാകുളം മെഡിക്കൽ കോളേജ് മാതൃ–ശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് അഞ്ചിന് ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിക്കും. ഗർഭിണികൾക്കും കുട്ടികൾക്കും ഉന്നത നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 285.31 കോടി രൂപ ചെലവിൽ 8.27 ലക്ഷം ചതുരശ്രയടി വിസ്തൃതിയിൽ 850 കിടക്കകളുള്ള പുതിയ ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നത്. ഉന്നത നിലവാരത്തിനുള്ള ആധുനിക രോഗനിർണയ സംവിധാനങ്ങൾ ഉൾപ്പെടുന്ന മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഐ.സി.എം ആറിൽ നിന്നും ഒരു കോടി 97 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ലെവൽ 2 വൈറോളജി ടെസ്റ്റിംഗിന് പര്യാപ്തമായ മൈക്രോബയോളജി ലാബ്, ഹെൽത്ത് ഹബ്ബിന്റെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും രണ്ടുകോടി 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 12 പേ വാർഡുകൾ, ത്വക്ക് രോഗ വിഭാഗത്തിന് കീഴിൽ അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തി ബി.പി.സി.എൽ ന്റെ സഹകരണത്തോടെ സജ്ജീകരിച്ച കോസ്മെറ്റോളജി ക്ലിനിക്, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും രണ്ടുകോടി ചെലവഴിച്ച് നിർമ്മിച്ച മൾട്ടിപാർക്കിംഗ് ഷെഡ്, ആരോഗ്യ കുടുംബക്ഷമ വകുപ്പിന്റെ 2023 – 24 പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി 15 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച അക്കാദമിക് ബ്ലോക്ക് ലിഫ്റ്റ് എന്നിവയുടെ ഉദ്ഘാടനവും, 2024 – 2025 പ്ലാൻ ഫണ്ടിൽ നിന്നും 3 കോടി 67 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ബി.എം. ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ നിർമ്മാണ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും.

# ഇഫ്താർ സംഗമം നടത്തി

**കൊച്ചി:** കൗൺസിൽ ഫോർ കമ്യൂണിറ്റി കോ-ഓപറേഷന്റെ (സി സി സി) നേതൃത്വത്തിൽ ഇഫ്താർ സംഗമം നടന്നു. സി സി സി ചെയർമാൻ ഗൾഫാർ പി മുഹമ്മദലി അധ്യക്ഷത വഹിച്ചു. ഓണമ്പള്ളി മുഹമ്മദ് ഫൈസി റമദാൻ സന്ദേശം നൽകി. മധ്യ പൗരസ്ത്യ ദേശത്ത് തീ ആളിക്കത്തുമ്പോൾ അസ്വസ്ഥമായ മനസ്സോടെയാണ് ലോകം അതിനെ നോക്കിക്കാണുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. മൂന്ന് രാജ്യങ്ങളാണ് യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതെങ്കിലും ലോകത്തിൽ മുഴുവൻ അത് സ്വാധീനം ചെലുത്തുന്നുണ്ട്. ആയുധങ്ങൾ ചെന്നു വീഴുന്നത് നിരപരാധികളുടെ ദേഹത്താണെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യനെ ഒന്നിപ്പിക്കുന്നതിന് ജാതിയും മതവും തടസ്സമാകരുതെന്ന് സ്വാമി വിശാലാനന്ദ പറഞ്ഞു. ഒരു യുദ്ധവും ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നും ഒരു യുദ്ധവും നന്മയുമല്ലെന്നും ഫാ. തോമസ് തറയിൽ പറഞ്ഞു. നന്മയാണ് മതങ്ങളൊക്കെ അനുശാസിക്കുന്നതെന്നും അതിനാണ് ഊന്നൽ നൽകേണ്ടതെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. സത്യത്തേയും സ്നേഹത്തേയും ലോകത്ത് ഒന്നിനും നശിപ്പിക്കാൻ സാധിക്കില്ലെന്ന് ഗോപിനാഥ് മുതുകാട് പറഞ്ഞു. സി.സി.സി ജനറൽ സെക്രട്ടറി രാമചന്ദ്രൻ, ഫാ. ജേക്കബ് പാലക്കാപ്പള്ളി, പി മുജീബ് റഹ്മാൻ, ഡോ. പുനലൂർ സോമരാജൻ, ഡോ. ഹുസൈൻ മടവൂർ, സ്വാമി സൂര്യശങ്കർ, സ്വാമി ശ്രീ ഗുരു സായ് പ്രീത്, സി എച്ച് അബ്ദുറഹീം എന്നിവർ പ്രസംഗിച്ചു. ഗോപിനാഥ് മുതുകാട്, അബൂബക്കർ, പുനലൂർ സോമൻ എന്നിവരെ ആദരിച്ചു. വൈവിധ്യങ്ങളിലെ ഐക്യം യുവജനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ കോളജ്, സർവകലാശാല വിദ്യാർഥികൾക്കായി നടത്തിയ സംസ്ഥാനതല രണ്ടാമത് മലയാളം പ്രസംഗ മത്സരത്തിലെ ജേതാക്കൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

# 23 നിർധന കുട്ടികൾക്ക് സൗജന്യ ഹൃദയ ചികിത്സ; ‘സ്പന്ദനം’ അഞ്ചാം ഘട്ടം ആരംഭിച്ചു

**കൊച്ചി:** 18 വയസ്സിന് താഴെയുള്ള 23 നിർധന കുട്ടികൾക്ക് സൗജന്യ ഹൃദയചികിത്സ ഉറപ്പാക്കുന്ന ’സ്പന്ദനം ടച്ച് എ ഹാർട്ട്’ സംരംഭത്തിന്റെ അഞ്ചാം ഘട്ടത്തിനു തുടക്കമായി. ആസ്റ്റർ മെഡ്സിറ്റി, ആസ്റ്റർ വോളിയേഴ്സ്, വർഗീസ് മൂലൻസ് ഗ്രൂപ്പ് എന്നിവർ ചേർന്ന് നടത്തുന്ന ഈ സംരംഭം പാലക്കാട്, വയനാട്, മലപ്പുറം, തൃശൂർ, എറണാകുളം, കൊല്ലം എന്നിവയുൾപ്പെടെ ജില്ലകളിലുള്ള ജന്മനാ ഹൃദ്രോഗത്തിന് ചികിത്സ അപ്രാപ്യമായിരുന്ന കുടുംബങ്ങൾക്ക് സഹായകമായി. പങ്കെടുത്തവരിൽ 15 കുട്ടികൾക്ക് ഇന്റർവെൻഷണൽ ചികിൽസ ലഭ്യമാക്കി. ബാക്കിയുള്ളവർക്ക് പൂർണ്ണ ഹൃദയ ശസ്ത്രക്രിയയും നടത്തും. ഇതിനൊപ്പം വരുന്ന എല്ലാ പരിശോധനകളും തുടർ പരിചരണങ്ങളും ഉറപ്പാക്കുമെന്ന് അധികൃതർ വ്യക്തമാക്കി. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി ഡയറക്ടറും സീനിയർ കൺസൾട്ടന്റുമായ ഡോ. എഡ്വിൻ ഫ്രാൻസിസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക വിദഗ്ധ സംഘമാണ് കുട്ടികൾക്ക് പരിശോധന നടത്തിയത്. വർഗീസ് മൂലൻ ഫൗണ്ടേഷൻ ചെയർമാൻ ഡോ. വർഗീസ് മൂലൻ, ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് എന്നിവരും വിദഗ്ധ പീഡിയാട്രിക് കാർഡിയാക് ഡോക്ടർമാരുടെ സംഘവും ചടങ്ങിന്റെ ഭാഗമായി.

# സ്പാം മെസ്സേജുകൾക്കെതിരെ എയർടെലും ഗൂഗിളും കൈകോർക്കുന്നു

**കൊച്ചി:** ഡിജിറ്റൽ തട്ടിപ്പുകളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി ഭാരതി എയർടെൽ ഗൂഗിളുമായി കൈകോർക്കുന്നു. എയർടെല്ലിന്റെ നെറ്റ്‌വർക്ക് ഇന്റലിജൻസും ഗൂഗിളിന്റെ ആധുനിക മെസ്സേജിങ് സംവിധാനമായ റിച്ച് കമ്മ്യൂണിക്കേഷൻ സർവീസസ് പ്ലാറ്റ്ഫോമും സംയോജിപ്പിച്ചാണ് ഈ സേവനം തയ്യാറാക്കിയിരിക്കുന്നത്.

ഗൂഗിളിന്റെ മെസ്സേജിങ് പ്ലാറ്റ്ഫോം വഴി അയക്കുന്ന ടെക്സ്റ്റ് മെസ്സേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സ്പാം പ്രൊട്ടക്ഷൻ ടൂൾ ഭാരതി എയർടെൽ ഏർപ്പെടുത്തും. ഇതിലൂടെ സ്പാം മെസ്സേജുകൾ തത്സമയം തിരിച്ചറിയാനും ബ്ലോക്ക് ചെയ്യാനും സാധിക്കും.

വാട്സാപ്പിന് സമാനമായി ഉയർന്ന നിലവാരമുള്ള ഫോട്ടോകളും വീഡിയോകളും അയക്കുവാനും മെസ്സേജുകൾക്ക് റിയാക്ഷനുകൾ നൽകാനുമുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു. ഒടിടി പ്ലാറ്റ്ഫോമുകൾ വഴി നടക്കുന്ന സാമ്പത്തിക തട്ടിപ്പുകളും വ്യാജ സന്ദേശങ്ങളും തടയാൻ ടെലികോം ഗ്രേഡ് സുരക്ഷാ മാനദണ്ഡങ്ങൾ ഈ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കും.

കമ്പനികളിൽ നിന്ന് വരുന്ന സന്ദേശങ്ങൾ ഒറിജിനൽ ആണോ എന്ന് തിരിച്ചറിയാൻ പ്രത്യേക വെരിഫിക്കേഷൻ സംവിധാനമുണ്ടാകും.

# 23% വളർച്ച രേഖപ്പെടുത്തി നിസാൻ; ഗ്രാവൈറ്റിന്റെ ഡെലിവറി ആരംഭിച്ചു

**കൊച്ചി :** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്  ഫെബ്രുവരിയിൽ 10,565 യൂണിറ്റിലധികം വാഹനങ്ങളുടെ വിൽപ്പന നടത്തി. ആഭ്യന്തര വിപണിയിൽ 2,230 വാഹനങ്ങളും  8,335 വാഹനങ്ങൾ കയറ്റുമതി ചെയ്തും വിൽപ്പന ഉയർന്നു. മാർച്ച് ഒന്നു മുതൽ രാജ്യത്തുടനീളം നിസാൻ ഗ്രാവൈറ്റിന്റെ ഉപഭോക്തൃ ഡെലിവറികൾ ആരംഭിച്ചു. ഡെലിവറികൾ ആരംഭിക്കുന്നത് നിസാന്റെ ഇന്ത്യയിലെ അടുത്ത വളർച്ചാ അധ്യായത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നതായി നിസാൻ മോട്ടോർ ഇന്ത്യ എം.ഡി . സൗരഭ് വത്സ പറഞ്ഞു.



# കുടുംബ സ്ഥാപനങ്ങൾ നവീകരണത്തിന് മുൻഗണന നൽകണം; റിപ്പോർട്ട് പുറത്തിറക്കി  ഐഎസ്ബി

**കൊച്ചി:**  ഇന്ത്യയിലെ കുടുംബ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ദീർഘകാല വളർച്ച ഉറപ്പാക്കാൻ നവീകരണത്തിന് മുൻഗണന നൽകേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടുന്ന ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസ്സ് (ഐഎസ്ബി) പുതിയ റിപ്പോർട്ട് പുറത്തിറക്കി. 'ബിസിനസ് ഇന്നോവേഷൻ- ആൻ ഇംപറേറ്റീവ് ഫോർ ഇന്ത്യൻ ഫാമിലിലെഡ് ബിസിനസ്' എന്ന തലക്കെട്ടിലുള്ള പഠനം ഭാവിയിലേക്ക് തയ്യാറായ വളർച്ചയ്ക്കായി എറൈസ് ഫ്രെയിംവർക്ക് അവതരിപ്പിക്കുന്നു. ആംബിഷൻ, റിസ്ക് എടുക്കൽ, ഇന്നോവേഷൻ, സ്പീഡ് ആന്റ് സ്കെയിൽ, ഇക്കോസിസ്റ്റം ചിന്തനം എന്നിവയാണ് ഇതിലെ പ്രധാന ഘടകങ്ങൾ. ഇന്ത്യയുടെ ജിഡിപിയുടെ നല്ലൊരു പങ്ക് കുടുംബ സ്ഥാപനങ്ങളുടേതാണെങ്കിലും, പല മിഡ്സൈസ് സ്ഥാപനങ്ങളും ഇബിറ്റ്ഡ് പോലുള്ള ലാഭലക്ഷ്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സാങ്കേതികവിദ്യ, ഡിജിറ്റൽ പരിവർത്തനം, ആഗോള പങ്കാളിത്തങ്ങൾ എന്നിവയിൽ ധൈര്യമായ നിക്ഷേപങ്ങൾ നടത്തി മാത്രമേ ദീർഘകാല മത്സരക്ഷമതയും സ്ഥിരമായ വളർച്ചയും കൈവരിക്കാൻ കഴിയൂവെന്നും ഐഎസ്ബി വ്യക്തമാക്കി.

# ആവേശം തീർത്ത് മിൽക് ക്യാൻ എസ്കേപ്പ് ആക്ട്

**തിരുവനന്തപുരം:** മാനവീയം വീഥിയിൽ കണ്ടുനിന്ന ജനങ്ങളുടെ ശ്വാസമിടിപ്പ് കൂട്ടി പ്രകാശ് ഹെമ്മാഡിയുടെ മിൽക്ക് ക്യാൻ എസ്കേപ് അവതരണം. ചങ്ങലകൾ കൊണ്ട് ബന്ധിച്ച് നിരവധി താഴുകളിട്ട് പൂട്ടി വെള്ളം നിറച്ച മിൽക് ക്യാനിലുള്ളിലേയ്ക്ക് മാന്ത്രികനെ അടച്ചു. ശേഷം സഹായികൾ കറുത്തതുണി കൊണ്ട് ക്യാൻ മൂടി. ഉദ്വേഗഭരിതമായ നിമിഷങ്ങളായിരുന്നു പിന്നീട്. ഞൊടിയിടയിൽ കാണികളെ ഞെട്ടിച്ചുകൊണ്ട് ബന്ധനങ്ങളെല്ലാം നിഷ്പ്രഭമാക്കി നനഞ്ഞുകുതിർന്ന് മാന്ത്രികൻ പുറത്തെത്തി. 118 വർഷങ്ങൾക്കു മുമ്പ് 1908 ഫെബ്രുവരി 28ന്  ഹാരിഹൂഡിനി അവതരിപ്പിച്ച് ജനപ്രിയമാക്കിയ അത്യന്തം സാഹസികത നിറഞ്ഞ മിൽക് ക്യാൻ എസ്കേപ്പ് ആക്ടായിരുന്നു കർണാടകയിൽ നിന്നെത്തിയ പ്രകാശ് ഹെമ്മാഡി അവതരിപ്പിച്ച് കൈയടി നേടിയത്.




ഒരാൾക്ക് മാത്രം കഷ്ടിച്ച് പ്രവേശിക്കാൻ കഴിയുന്ന മിൽക്ക് ക്യാനിൽ നിന്നും നിമിഷങ്ങൾക്കുള്ളിൽ നിന്നും പൂട്ടു പൊളിച്ച് പുറത്തുവന്ന മാന്ത്രികനെ കാണികൾ ആവേശപൂർവമാണ് സ്വീകരിച്ചത്.  ഗോപിനാഥ് മുതുകാടിന്റെ സാന്നിദ്ധ്യത്തിൽ ഐ.ജി സ്പർജൻകുമാർ ഐ.പി.എസ് ആണ് മാന്ത്രികനെ താഴിട്ട് പൂട്ടിയത്. ആക്ട് വിജയകരമായി പൂർത്തിയാക്കിയ പ്രകാശിനെ സ്പർജൻ കുമാർ ഐ.പി.എസ് പൊന്നാട അണിയിച്ച് അനുമോദിച്ചു. കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ പ്രവർത്തിക്കുന്ന മാജിക് പ്ലാനറ്റ് ഹാരിഹൂഡിനിയോടുള്ള ആദരസൂചകമായി ഹൂഡിനീസ് മാജിക് പ്ലാനറ്റായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി നടത്തുന്ന എസ്കേപ്പ് പരമ്പരയിലെ ആദ്യ ആക്ടായിരുന്നു മാനവീയം വീഥിയിൽ തടിച്ചുകൂടിയ ജനങ്ങളെ സാക്ഷി നിർത്തി അവതരിപ്പിച്ചത്. ഹാരിഹൂഡിനിയുടെ നൂറാമത് ചരമവാർഷികമായ 2026ൽ ഹാരിഹൂഡിനി സംബന്ധമായ അനുസ്മരണ പരിപാടികൾ, ചലച്ചിത്ര പ്രദർശനങ്ങൾ, വിവിധ എസ്കേപ്പ് ആക്ടുകൾ എന്നിവ മാജിക് പ്ലാനറ്റിൽ സംഘടിപ്പിക്കുമെന്ന് മുതുകാട് പറഞ്ഞു.

# കേരള ന്യൂറോ സയൻസ് സൊസൈറ്റി: ഭാരവാഹികളെ തെരഞ്ഞെടുത്തു



ഡോ. അനിൽ പീതാംബരൻ



ഡോ. അരുൺ ഉമ്മൻ

**കൊച്ചി:** കേരള ന്യൂറോ സയൻസ് സൊസൈറ്റി (കൈരളി ന്യൂറോ സൊസൈറ്റി) വാർഷിക ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിരമിച്ച പ്രൊഫസറും ന്യൂറോ സർജറി വിഭാഗം മേധാവിയുമായ ഡോ. അനിൽ പീതാംബരൻ (സീനിയർ കൺസൾട്ടന്റ്, അനന്തപുരി ഹോസ്പിറ്റൽ, തിരുവനന്തപുരം) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കൊച്ചി ലേക്ഷോർ ആശുപത്രിയിലെ സീനിയർ ന്യൂറോ സർജൻ ഡോ. അരുൺ ഉമ്മനാണ് ഓണററി സെക്രട്ടറി. കേരളത്തിലെ എല്ലാ ന്യൂറോളജിസ്റ്റുകളുടെയും ന്യൂറോ സർജൻമാരുടേയും അനുബന്ധ സ്പെഷ്യാലിറ്റികളുടെയും സംഘടനയാണ് കൈരളി ന്യൂറോ സയൻസ് സൊസൈറ്റി. സംഘടനയിൽ 650 അംഗങ്ങളാണുള്ളത്.

# ഹോളി ആഘോഷങ്ങളുമായി വർണ്ടലാ കൊച്ചി

**കൊച്ചി:** ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന തകർപ്പൻ ആഘോഷങ്ങളിലൂടെ നിറങ്ങളുടെ ഉത്സവത്തെ പുനർ നിർമ്മിച്ചുകൊണ്ട് പരമ്പരാഗത ഹോളി ആഘോഷങ്ങളുമായി വർണ്ടലാ കൊച്ചി. രാവിലെ ആരംഭിക്കുന്ന ആഘോഷങ്ങളിൽ തുടങ്ങി വൈകുന്നേരത്തെ ഡിജെ സെഷനുകൾ വരെ നീളുന്ന പരിപാടികളിൽ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും പ്രത്യേക ഹോളി ബീറ്റുകൾക്കൊപ്പം നൃത്തം ചെയ്യാനും ഉത്സവകാല വിഭവങ്ങൾ ആസ്വദിക്കാനും കഴിയും.

കുടുംബങ്ങൾ ഒരുമിച്ച് ചേർന്ന് ആഘോഷിക്കുമ്പോൾ അതിന് അസാധാരണമായ മൂല്യം വാഗ്ദാനം ചെയ്യുന്ന തരത്തിൽ പ്രത്യേകം ഹോളി ആഘോഷ പാക്കേജുകൾ വർണ്ട ലാ കൊച്ചിയിൽ ലഭ്യമാണ്. പാർക്ക് ടിക്കറ്റുകൾ ഓൺലൈൻ ബുക്കിങ്ങിലൂടെ 30% ഫ്ളാറ്റ് ഡിസ്കൗണ്ടിൽ ഒരാൾക്ക് 1,055 (നികുതികൾ ഒഴികെ) നിരക്കിലും 1,852 (നികുതികൾ ഉൾപ്പെടെ) നിരക്കുള്ള ഹോളി കോംബോ പാക്കേജുകളിൽ വെൽക്കം ഡ്രിങ്കും ബഫേ ലഞ്ചും ലഭ്യമാണ്. ലഞ്ചും ലഭ്യമാണ്.

# എഐ അധിഷ്ഠിത സ്പ്ലിറ്റ് എയർ കണ്ടീഷണറുകൾ അവതരിപ്പിച്ച് വോൾട്ടാസ്

**കൊച്ചി:** പ്രമുഖ എസി ബ്രാൻഡായ വോൾട്ടാസ് എഐ അധിഷ്ഠിത വെർട്ടിസ് സ്പ്ലിറ്റ് എയർ കണ്ടീഷണറുകൾ വിപണിയിലവതരിപ്പിച്ചു. പുതിയ വെർട്ടിസ് എഐ സീരീസ് എയർ കണ്ടീഷണറുകൾ താപനില, ഈർപ്പം, ഉപയോഗ രീതികൾ എന്നിവ ബുദ്ധിപരമായി തിരിച്ചറിഞ്ഞ് വിവിധ കാലാവസ്ഥാ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിലാണ് രൂപകൽപ്പന  ചെയ്തിരിക്കുന്നതെന്ന് വോൾട്ടാസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മുകുന്ദൻ മേനോൻ പറഞ്ഞു. അമിതമായ തണുപ്പ് ഒഴിവാക്കിക്കൊണ്ട് തണുപ്പിന്റെ തീവ്രത സ്വയം ക്രമീകരിക്കുകയും ഓരോ കുടുംബാംഗത്തിനും വ്യക്തിഗതമായ അനുഭവം ഉറപ്പാക്കുകയും ചെയ്യുന്ന എഐ അഡാപ്റ്റീവ് കൂളിംഗ് സംവിധാനമാണ് ഈ എസിയുടെ പ്രത്യേകതകളിലൊന്ന്. വോൾട്ടാസ് ഇന്റലിജൻസ് ആപ്പുമായി സംയോജിപ്പിച്ചിരിക്കുന്ന എഐ എനർജി മാനേജർ സംവിധാനം, ഒരു മാസത്തെ വൈദ്യുതി ഉപഭോഗ ലക്ഷ്യം നിശ്ചയിക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നു. ഊർജ്ജ ലാഭവും തണുപ്പും തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്താൻ എസി അതിന്റെ പ്രവർത്തനം സ്വയം ക്രമീകരിക്കും.

ഉപയോക്താവ് വീട്ടിലേക്ക് എത്തുമ്പോൾ തന്നെ മുറിയിലെ തണുപ്പ് ക്രമീകരിച്ച് നിർത്തുന്ന എഐ ജിയോഫെൻസിംഗ് സംവിധാനവും ഈ ഏസിയിലുണ്ട്.  ഇത് വീട്ടിലെത്തുമ്പോൾ തൽക്ഷണം തണുപ്പ് ലഭിക്കുമെന്ന് ഉറപ്പാക്കുകയും മുറിയിൽ ആരുമില്ലാത്തപ്പോൾ അനാവശ്യ ഊർജ്ജ ഉപഭോഗം ഒഴിവാക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# പുതിയ ക്യാമ്പയിൻ അവതരിപ്പിച്ച് മാന്യവർ

**കൊച്ചി:** മാന്യവർ മോഹേ 'മേഡ് ഫോർ ഈച്ച് അദർ ' എന്ന പുതിയ ക്യാമ്പയിൻ പ്രഖ്യാപിച്ചു. ക്യാമ്പയിന്റെ ബ്രാൻഡ് അംബാസഡർമാരായി അഭിനേതാക്കളായ രശ്മിക മന്ദാനയും വിജയ് ദേവരകൊണ്ടയയും നിയമിച്ചു. വിവാഹ ഫാഷനെ വ്യക്തിത്വത്തിന്റെ പ്രകടനമായും പാരമ്പര്യത്തിന്റെ ആഘോഷമായും അവതരിപ്പിക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇൻഡോ വെസ്റ്റേൺ വസ്ത്രങ്ങളും പരമ്പരാഗത ലഹങ്കകളും ഉൾപ്പെടുത്തിയുള്ള ശേഖരം കരകൗശല നൈപുണ്യവും സമകാലീന ഡിസൈനും മുൻനിരയിൽ എത്തിക്കുന്നതായും, പ്രീമിയം വിവാഹ വസ്ത്ര വിപണിയിൽ മന്യവർ മോഹെയുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതായും അവർ കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രത്യേക ശ്രദ്ധ വേണ്ട കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം; രക്ഷിതാക്കളും സമൂഹവും അറിയേണ്ട കാര്യങ്ങൾ



ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സ്ഥാപകൻ

സാക്ഷരതയുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ കേരളം ഏറെ മുന്നോട്ട് പോയെന്ന് നമ്മൾ അഭിമാനിക്കുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്; എല്ലാ കുട്ടികളും ഒരേപോലെയായിരിക്കില്ല പഠിക്കുന്നത്. ചില കുട്ടികൾക്ക് പഠനത്തിലോ, സംസാരത്തിലോ, പെരുമാറ്റത്തിലോ, ശാരീരികമായ കാര്യങ്ങളിലോ ചില വെല്ലുവിളികൾ ഉണ്ടാവാം. ഇങ്ങനെയുള്ളവരെ പഠിപ്പിക്കാൻ പ്രത്യേക ശ്രദ്ധയും സഹായവും ആവശ്യമാണ്. ഈ വിഷയത്തെക്കുറിച്ച് രക്ഷിതാക്കൾക്കും, അധ്യാപകർക്കും, സമൂഹത്തിനും നല്ല അറിവുണ്ടെങ്കിൽ ഈ കുട്ടികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും.

ഓട്ടിസം, എ.ഡി.എച്ച്.ഡി, ഡിസ്ലെക്സിയ, ബൗദ്ധിക വെല്ലുവിളികൾ, കേൾവിയോ കാഴ്ചയോ സംബന്ധമായ പ്രശ്നങ്ങൾ, ശാരീരികമായ പരിമിതികൾ, സംസാരവൈകല്യങ്ങൾ, ചില രോഗാവസ്ഥകൾ എന്നിവയുള്ള കുട്ടികൾക്കാണ് 'സ്പെഷ്യൽ എജ്യൂക്കേഷൻ' വേണ്ടത്. ഈ കുട്ടികളെ 'പഠിക്കാൻ പിന്നോട്ട്' എന്നോ 'ദുർബലർ' എന്നോ വിളിക്കുന്നത് അപകടമാണ്. അവർക്ക് പഠിക്കാൻ ചില 'പ്രത്യേക' വഴികൾ ആവശ്യമുന്നെ തിരിച്ചറിവാണ് വേണ്ടത്. ഭിന്നശേഷിയുള്ള ഓരോ കുട്ടിയുടെയും കഴിവിനും അവർ കാര്യങ്ങൾ ഗ്രഹിക്കുന്ന വേഗതയ്ക്കും അനുസരിച്ചുള്ള പഠനരീതികളാണ് ആവശ്യം.

## തുടക്കത്തിൽ തിരിച്ചറിയേണ്ടത് പ്രധാനം

സ്പെഷ്യൽ എജ്യുക്കേഷൻ ആവശ്യമുള്ള കുട്ടികളെ തുടക്കത്തിലേ തിരിച്ചറിയേണ്ടത് പ്രധാനമാണ്. സംസാരത്തിൽ കാലതാമസം, നിർദ്ദേശങ്ങൾ അനുസരിക്കാൻ ബുദ്ധിമുട്ട്, വായിക്കാനോ എഴുതാനോ പ്രയാസം, ഒന്നിലും ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥ, കണ്ണിൽ നോക്കി സംസാരിക്കാതിരിക്കുക, അമിതമായ വികൃതി, നടക്കാനും മറ്റ് അടിസ്ഥാന കാര്യങ്ങൾ ചെയ്യാനും കാലതാമസം എന്നിവയൊക്കെ മാതാപിതാക്കൾ ശ്രദ്ധിക്കണം. ഈ ലക്ഷണങ്ങൾ തുടരുകയാണെങ്കിൽ, ഒരു ശിശുരോഗ വിദഗ്ദ്ധനെയോ, കുട്ടികളുടെ മാനസികാരോഗ്യ വിദഗ്ദ്ധനെയോ സ്പീച്ച് തെറാപ്പിസ്റ്റിനെയോ, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിനെയോ കാണുന്നത് വളരെ നല്ലതാണ്. കുട്ടിയുടെ അവസ്ഥ മനസ്സിലാക്കി കഴിഞ്ഞാൽ, അവരെ കൈപിടിച്ചുയർത്താൻ പല വഴികളുണ്ട്. അവരെ സാധാരണ കുട്ടികളെ പോലെ പരിഗണിക്കുകയല്ല വേണ്ടത്. പകരം ഇതിനായി വ്യക്തിഗത വിദ്യാഭ്യാസ പദ്ധതികൾ, പ്രത്യേക ക്ലാസ്സുകൾ, പെരുമാറ്റ ചികിത്സ (ബിഹേവിയറൽ തെറാപ്പി), സ്പീച്ച് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, പ്രത്യേക ഉപകരണങ്ങൾ എന്നിവ പ്രയോജനപ്പെടുത്താം. ചിത്രങ്ങൾ കാണിച്ചുള്ള പഠനം, സെൻസറി തെറാപ്പി, ഒരു കുട്ടിക്ക് ഒരു അധ്യാപകൻ എന്ന രീതിയിലുള്ള പഠനം എന്നിവ പല കുട്ടികൾക്കും ഗുണകരമാകാറുണ്ട്. കേരളത്തിലെ പ്രത്യേക വിദ്യാലയങ്ങളിലും സാധാരണ വിദ്യാലയങ്ങളിലും ഇത്തരം രീതികൾ ഇന്ന് നല്ല ഫലം നൽകുന്നുണ്ട്.



## കുടുംബങ്ങൾക്കും സമൂഹത്തിനും വലിയ പങ്ക്

ഭിന്നശേഷിയുള്ള കുട്ടികളുടെ വളർച്ചയിൽ കുടുംബങ്ങൾക്കും വലിയ പങ്കുണ്ട്. മാതാപിതാക്കൾ ചിട്ടയായ ദിനചര്യകൾ ഉണ്ടാക്കണം. വീട്ടിൽ ലളിതമായ കളികളിലൂടെയും മറ്റും കാര്യങ്ങൾ പഠിപ്പിക്കണം. സ്നേഹത്തോടെയും വ്യക്തമായും അവരോട് സംസാരിക്കണം. ചെറിയ നേട്ടങ്ങളെപ്പോലും പ്രോത്സാഹിപ്പിക്കണം. മറ്റ് കുട്ടികളുമായി താരതമ്യം ചെയ്യുന്നത് ഒഴിവാക്കണം. സഹോദരങ്ങളെയും മുത്തശ്ശിമുത്തശ്ശന്മാരെയും കുട്ടിയുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും അവരെ ക്ഷമയോടെ സഹായിക്കാനും പഠിപ്പിക്കണം.

സമൂഹത്തിനും ഈ കുട്ടികളെ സഹായിക്കാൻ കഴിയും. അങ്കണവാടികൾ, സ്കൂളുകൾ, പ്രാദേശിക ക്ലബ്ബുകൾ എന്നിവയ്ക്ക് ഈ വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താനും കുട്ടികളെ നേരത്തെയുള്ള പരിശോധനകൾക്കായി നിർദ്ദേശിക്കാനും സാധിക്കും. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സ്കൂളുകളിലെ റിസോഴ്സ് റൂമുകൾ കൂടുതൽ മെച്ചപ്പെടുത്താനും, ഭിന്നശേഷിക്കാർക്ക് സഞ്ചരിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കാനും, തെറാപ്പി സെന്ററുകൾക്ക് പിന്തുണ നൽകാനും, ഭിന്നശേഷി മിഷനുകളുമായി ചേർന്ന് പ്രവർത്തിക്കാനും കഴിയും. തൊഴിലുടമകൾ, സാമൂഹിക കൂട്ടായ്മകൾ, അയൽക്കാർ എന്നിവരെല്ലാം ഓരോ കുട്ടിയുടെയും കഴിവുകൾ പരിഗണിക്കാതെ അംഗീകരിക്കാനും അവരോട് ബഹുമാനത്തോടെ പെരുമാറാനും ശ്രദ്ധിക്കണം.

## അധ്യാപകർ പ്രധാന കണ്ണി

പ്രത്യേക അധ്യാപകർ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രധാന കണ്ണിയാണ്. ഓരോ കുട്ടിയും എങ്ങനെ പഠിക്കുന്നു എന്ന് മനസ്സിലാക്കി, അവർക്ക് വേണ്ട പ്രത്യേക പഠന പദ്ധതികൾ തയ്യാറാക്കാൻ പരിശീലനം ലഭിച്ചവരാണിവർ. അവരുടെ ജോലിക്ക് ക്ഷമയും, കഴിവും, തുടർച്ചയായ പരിശീലനവും ആവശ്യമാണ്. ഈ അധ്യാപകരെ പിന്തുണയ്ക്കുകയും അവരുടെ പ്രാധാന്യം അംഗീകരിക്കുകയും ചെയ്താൽ കൂടുതൽ കുട്ടികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നുണ്ടെന്ന് കേരളത്തിന് ഉറപ്പാക്കാൻ കഴിയും. എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ആരുടെയും ഔദാര്യമല്ല. അത് ഓരോ കുട്ടിയുടെയും അവകാശമാണ്. ഈ വിഷയത്തെക്കുറിച്ചുള്ള അറിവ്, കൃത്യസമയത്തുള്ള ഇടപെടലുകൾ, സമൂഹത്തിന്റെ പിന്തുണ എന്നിവയിലൂടെ കേരളത്തിലെ ഓരോ കുട്ടിക്കും പഠിക്കാനും വളരാനും ജീവിതത്തിൽ മുന്നേറാനും കഴിയുമെന്നതിൽ സംശയമില്ല.





സൊസൈറ്റി ടുഡേ
SOCIETY TODAY

# കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: മാർച്ച് 8ന് കിക്കോഫ്

**കൊച്ചി:** കേരള ഫുട്ബോൾ അസോസിയേഷൻ (കെ.എഫ്.എ) സംഘടിപ്പിക്കുന്ന കേരള പ്രീമിയർ ലീഗിന് (കെ.പി.എൽ) മാർച്ച് 8ന് തുടക്കമാകും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ കരുത്തരായ ഗോകുലം കേരള എഫ്സി, കാലിക്കറ്റ് എഫ്സിയെ നേരിടും. സൂപ്പർലീഗ് ടീമാണ് കാലിക്കറ്റ് എഫ്സി, കോർപറേറ്റ് എൻട്രിയിലൂടെയാണ് കെപിഎലിൽ അരങ്ങേറ്റം കുറിക്കുന്നത്. സംസ്ഥാനത്തെ 14 പ്രമുഖ ക്ലബ്ബുകളാണ് കിരീടത്തിനായി മാറ്റുരയ്ക്കുന്നത്. കാലിക്കറ്റ് എഫ്.സിക്ക് പുറമേ, കെ.പി.എൽ രണ്ടാം ഡിവിഷനിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച ഇ.എം.ഇ.എ കോളജ്, സായ് കൊല്ലം എന്നീ ടീമുകളാണ് ലീഗിലെ മറ്റു പുതുമുഖക്കാർ. കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, കാലിക്കറ്റ് എഫ്സി, റിയൽ മലബാർ എഫ്സി, ഗോകുലം കേരള എഫ്സി, വയനാട് യുണൈറ്റഡ് എഫ്സി, സായ്, കൊണ്ടോട്ടി ഇ.എം.ഇ.എ കോളജ് എന്നിവരാണ് ഗ്രൂപ്പ് എ യിൽ. കെ.എസ്.ഇ.ബി, ഗോൾഡൻ ത്രെഡ്സ്, കേരള പൊലീസ്, ഇന്റർ കേരള എഫ്സി, പി.എഫ്.സി കേരള, കോവളം എഫ്സി, കേരള യുണൈറ്റഡ് എഫ്സി ടീമുകളാണ് ഗ്രൂപ്പ് ബിയിൽ ഉൾപ്പെടുന്നത്. മുത്തൂറ്റ് എഫ്എ ആണ് നിലവിലെ ചാമ്പ്യൻമാർ. കേരള പൊലീസ് ആണ് റണ്ണേഴ്സ് അപ്പ്.



കെ.പി.എൽ ജേതാക്കളാകുന്ന ടീമിനെ ഇന്ത്യൻ ഫുട്ബോൾ ലീഗ് മൂന്നിലേക്ക് നോമിനേറ്റ് ചെയ്യുമെന്ന് കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ, ജനറൽ സെക്രട്ടറി ഷാജി സി. കുര്യൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

14 ടീമുകളെ എഴ് ടീമുകൾ വീതമുള്ള രണ്ട് ഗ്രൂപ്പുകളായി (ഗ്രൂപ്പ് എ, ബി) തിരിച്ചാണ് പ്രാഥമിക റൗണ്ട് മത്സരങ്ങൾ നടക്കുക. ഓരോ ഗ്രൂപ്പിലെയും ആദ്യ നാല് സ്ഥാനക്കാർ സൂപ്പർ എട്ട് റൗണ്ടിലേക്ക് യോഗ്യത നേടും. സൂപ്പർ എട്ടിലെ മികച്ച നാല് ടീമുകൾ സെമിഫൈനലിലേക്കും ഇതിൽ വിജയിക്കുന്നവർ ഫൈനൽ പോരാട്ടത്തിനും യോഗ്യത നേടും. വിവിധ ക്ലബ്ബുകൾക്കായി അഞ്ഞൂറിലേറെ താരങ്ങൾ ബൂട്ടുകെട്ടുന്ന ചാമ്പ്യൻഷിപ്പിൽ ആകെ 73 മത്സരങ്ങളാണ് ഈ പതിപ്പിലുള്ളത്. കോഴിക്കോടിന് പുറമേ തൃശൂർ കോർപറേഷൻ സ്റ്റേഡിയവും കെ.പി.എൽ മത്സരങ്ങൾക്ക് വേദിയാവും. ഫ്ളഡ്ലൈറ്റിന് കീഴിലായിരിക്കും ഭൂരിഭാഗം മത്സരങ്ങളും. എല്ലാ മത്സരങ്ങളും തത്സമയം സംപ്രേക്ഷണം ചെയ്യും. നിവിയ ആണ് ടൂർണമെന്റിന്റെ ഔദ്യോഗിക ബോൾകിറ്റ് പാർട്ണർ. കെ.എഫ്.എ ട്രഷറർ റജിനോൾഡ് വർഗീസ്, എറണാകുളം ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി വിജു ചൂളയ്ക്ക്ൽ എന്നിവരും പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

## റമദാൻ ക്യാമ്പയിൻ അവതരിപ്പിച്ച് എ.ബി.സി

**കൊച്ചി:** റമദാൻ വ്രതം അനുഷ്ഠിക്കുന്നവർ, ഉപവാസത്തിന് മുമ്പും ശേഷവുമുള്ള ഭക്ഷണത്തിൽ മുൻഗണന ക്രമം പാലിക്കണമെന്ന് വിദഗ്ധർ. കൂടുതൽ നേരം ഊർജം നിലനിർത്തുന്നതും, ക്ഷീണം തടയാൻ സഹായിക്കുന്നതുമായ സമീകൃത ആഹാരങ്ങൾക്കാണ് ഷെഹരിയിൽ (അത്താഴം) മുൻഗണന നൽകേണ്ടത്. പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ശരീരത്തിന് സ്ഥിരമായ ഇന്ധനം നൽകാനും ദീർഘനേരം വിശപ്പില്ലാതെ ഇരിക്കാനും സഹായിക്കുമെന്ന് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ റമദാൻ ക്യാമ്പയിനിൽ സംസാരിച്ച മാക്സ് ഹെൽത്ത് കെയറിലെ റീജിയണൽ ഹെഡ് ഓഫ് ഡയറ്റെറ്റിക്സ് റിതിക സമദ്ദാർ അഭിപ്രായപ്പെട്ടു. വറുത്തതോ അമിതമായി മധുരമുള്ളതോ ആയ ഭക്ഷണങ്ങൾ കഴിച്ച് ദിവസം തുടങ്ങുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂടാനും കുറയാനും കാരണമാകും. ഇത് പകൽ സമയത്ത് ക്ഷീണവും നിർജലീകരണവും ഉണ്ടാക്കിയേക്കാം. ഓട്സ്, മുട്ട, കാലിഫോർണിയ ബദാം, ഗ്രീക്ക് യോഗേർട്ടും സീഡ്സുകളും, വാഴപ്പഴം തുടങ്ങിയ പോഷകഗുണമുള്ള ഭക്ഷണങ്ങൾ വ്രതാനുഷ്ഠാനം കൂടുതൽ സുഖകരവും ഊർജസ്വലവുമാക്കാൻ സഹായിക്കും. ഭക്ഷണത്തിൽ നിന്ന് ഊർജം ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന വിറ്റാമിൻ ബി2, വിറ്റാമിൻ ഇ, മഗ്നീഷ്യം, ഫോസ്ഫറസ് എന്നിവ ബദാമിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്. ഇത് ശരീരത്തിന് സജീവമായിരിക്കാൻ ആവശ്യമായ ആരോഗ്യകരമായ ഊർജ സ്രോതസ് നൽകുമെന്നും അവർ വ്യക്തമാക്കി.

# റെയിൽവൺ മൊബൈൽ ആപ്പ്: ഗോ ഗ്രീൻ ക്യാമ്പയിൻ ആരംഭിച്ചു



**കൊച്ചി:** പരിസ്ഥിതി സൗഹൃദ യാത്രാ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവതരിപ്പിച്ച റെയിൽവൺ മൊബൈൽ അപ്ലിക്കേഷന്റെ പ്രചരണാർഥം ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷന്റെ നേതൃത്വത്തിൽ ഗോ ഗ്രീൻ ക്യാമ്പയിൻ ആരംഭിച്ചു. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി.പ്രിയങ്ക, നടൻ ഷെയ്ൻ നിഗം, തിരുവനന്തപുരം ഡിവിഷൻ സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ നിതിൻ നോർബർട്ട്, എറണാകുളം റെയിൽവേ ഏരിയ മാനേജർ എസ്.വാസുദേവൻ എന്നിവർ പങ്കെടുത്തു.

ക്യാമ്പയിന്റെ ഭാഗമായി റെയിൽവൺ ആപ്പ് ഫ്ളയർ അനാച്ഛാദനം ചെയ്തു. റെയിൽവേ ചൈൽഡ് ലൈനും വിവിധ കോളജുകളിൽ നിന്നുള്ള നാഷണൽ സർവീസ് സ്കീം വോളിയർമാരും അവതരിപ്പിച്ച റെയിൽവൺ ആപ്പ് പ്രൊമോ ഫ്ളാഷ് മോബും സ്കിറ്റും ശ്രദ്ധേയമായി.

റെയിൽവൺ ആപ്പ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പരിസ്ഥിതി സൗഹൃദ യാത്രാ രീതികൾ പരിചയപ്പെടുത്തുന്നതിനും യാത്രക്കാർക്കായി സ്റ്റേഷനിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി. യാത്രക്കാർക്കായി പ്രധാന സ്റ്റേഷനുകളിൽ എല്ലാ തിങ്കളാഴ്ച്ചയും ഡിവിഷൻ റെയിൽവൺ ആപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്ന് റെയിൽവേ അറിയിച്ചു. ടിക്കറ്റ് ബുക്കിങ്ങിനും യാത്രക്കാരുടെ മറ്റ് സേവനങ്ങൾക്കുമുള്ള റെയിൽവേയുടെ പുതിയ ഏകീകൃത പ്ലാറ്റ്ഫോമാണ് റെയിൽവൺ ആപ്പ്. ജനറൽ, റിസർവേഷൻ, പ്ലാറ്റ്ഫോം, സീസൺ ടിക്കറ്റുകൾ എന്നിവ ഒരൊറ്റ ആപ്പിൽ നിന്ന് ബുക്ക് ചെയ്യാം. ട്രെയിനുകളുടെ തത്സമയ ലൊക്കേഷൻ, പ്ലാറ്റ്ഫോം വിവരങ്ങൾ, കോച്ച് പൊസിഷൻ എന്നിവയും അറിയാൻ സാധിക്കും.

